**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **30-09-2025 - ൽ മറുപടിയ്ക്ക്**

**ജയിലുകളിലെ സൗകര്യം വര്‍ദ്ധിപ്പിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എന്‍. ഷംസുദ്ദീന്‍,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളില്‍ അംഗീകൃത പാര്‍പ്പിട ശേഷിയേക്കാള്‍ കൂടുതല്‍ തടവുകാരെ പാര്‍പ്പിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ജയിലുകളിലെ അന്തേവാസികളുടെ എണ്ണം അംഗീകൃത പാര്‍പ്പിട ശേഷിയേക്കാള്‍ കൂടുതല്‍ ആണ്. |
| (ബി) | തടവുകാരുടെ എണ്ണം വര്‍ദ്ധിക്കുന്നതിനനുസരിച്ച് ജയിലുകളില്‍ സൗകര്യം വര്‍ദ്ധിപ്പിക്കാറുണ്ടോ; | (ബി) | തടവുകാരുടെ എണ്ണം വര്‍ദ്ധിക്കുന്നതിനനുസരിച്ച് ജയിലുകളില്‍ സൗകര്യം വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടികള്‍ കൈക്കൊണ്ടു വരുന്നു.<br><br>മുഖ്യമന്ത്രി തലത്തില്‍ 04.02.2025 തീയതിയില്‍ വിളിച്ചു ചേര്‍ത്ത ഉന്നതതല യോഗത്തില്‍ ജയിലുകളിലെ ഓവര്‍ ക്രൗഡിങ് സംബന്ധിച്ചും, അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചര്‍ച്ച ചെയ്തിരുന്നു. യോഗത്തില്‍ കൈക്കൊണ്ട തീരുമാനത്തിനനുസരിച്ച്, അറ്റകുറ്റപ്പണികള്‍ നടത്തി നിലവിലുള്ള സൗകര്യം വര്‍ദ്ധിപ്പിച്ചും ഉപയോഗശൂന്യമായ സെല്ലുകള്‍ വാസയോഗ്യമാക്കിയും അന്തേവാസികളെ പാര്‍പ്പിച്ച് വരുന്നു. പുതിയ ബ്ലോക്കുകള്‍ നിര്‍മ്മിച്ചു പാര്‍പ്പിടശേഷി വര്‍ദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിനുമായി ജയില്‍ വകുപ്പിന്റെ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാര്‍ഷിക പദ്ധതികളില്‍ ഉള്‍പ്പെടുത്തി നിര്‍മ്മാണ/അറ്റകുറ്റ പ്രവര്‍ത്തികള്‍ക്ക് 20.09.2025 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നല്‍കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനര്‍നിര്‍മ്മാണം, ആലപ്പുഴയിലെ പഴയ ജില്ലാ ജയില്‍ കെട്ടിടത്തിന്റ നവീകരണം എന്നിവ നടന്നു വരുന്നു. ആലപ്പുഴ ജില്ലാ ജയിലിന്റെ പഴയ കെട്ടിടം പുതിയ സബ് ജയിലായി മാറ്റുന്നതിനുള്ള പ്രൊപ്പോസലും അട്ടക്കുളങ്ങര വനിതാ ജയില്‍ തിരുവനന്തപുരം സെന്‍ട്രല്‍ പ്രിസണിലെ പഴയ ഫീമെയില്‍ ബ്ലോക്കിലേക്ക് മാറ്റുന്നതിനും, |

| | | | |
|---|---|---|---|
| | | | തുടർന്ന് അട്ടകളങ്ങര ജയിൽ പുരുഷ അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ സബ് ജയിലായി പ്രവർത്തിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിശോധനയിലാണ്. ജയിലുകളിലെ ഓവർക്രൗഡിംഗ് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുന്ന വിഷയവും പരിശോധിച്ച് വരുന്നു.<br><br>30.04.2025 ലെ ഉത്തരവ് പ്രകാരം KEXCON മുഖേന ദിവസവേതനാടിസ്ഥാനത്തിൽ പരമാവധി 100 പേരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KEXCON മുഖേന 100 വിമുക്തഭടന്മാരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി വിവിധ ജയിൽ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട് ജില്ലാ ജയിലുകളിലും പുതുതായി ആരംഭിക്കുവാൻ പരിഗണനയിലുള്ള തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും ആലപ്പുഴ സബ് ജയിലിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഹോം ഗാർഡിന്റെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. ജയിൽ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനവും നടത്തി വരുന്നുണ്ട്. |
| (സി) | തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; | (സി) | തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതി നനുസരിച്ച് ജയിലുകളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>മുഖ്യമന്ത്രി തലത്തിൽ 04.02.2025 തീയതിയിൽ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ ജയിലുകളിലെ ഓവർ ക്രൗഡിങ് സംബന്ധിച്ചും, അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനനുസരിച്ച്, അറ്റകുറ്റപ്പണി കൾ നടത്തി നിലവിലുള്ള സൗകര്യം വർദ്ധിപ്പിച്ചും ഉപയോഗശൂന്യമായ സെല്ലുകൾ വാസയോഗ്യമാക്കിയും അന്തേവാസികളെ പാർപ്പിച്ച് വരുന്നു. പുതിയ ബ്ലോക്കുകൾ നിർമ്മിച്ചു പാർപ്പിടശേഷി വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജയിൽ വകുപ്പിന്റെ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ/അറ്റകുറ്റ പ്രവർത്തികൾക്ക് 20.09.2025 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനർനിർമ്മാണം, ആലപ്പുഴയിലെ പഴയ ജില്ലാ ജയിൽ കെട്ടിടത്തിന്റ നവീകരണം എന്നിവ നടന്നു വരുന്നു. ആലപ്പുഴ ജില്ലാ ജയിലിന്റെ പഴയ കെട്ടിടം പുതിയ സബ് ജയിലായി മാറ്റു ന്നതിനുള്ള പ്രൊപ്പോസലും അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ പഴയ ഫീമെയിൽ ബ്ലോക്കിലേക്ക് മാറ്റുന്നതിനും, തുടർന്ന് അട്ടകളങ്ങര ജയിൽ പുരുഷ അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ സബ് ജയിലായി പ്രവർത്തിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിശോധനയിലാണ്. ജയിലുകളിലെ ഓവർക്രൗഡിംഗ് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുന്ന വിഷയവും പരിശോധിച്ച് വരുന്നു.<br><br>30.04.2025 ലെ ഉത്തരവ് പ്രകാരം KEXCON മുഖേന ദിവസവേതനാടി സ്ഥാനത്തിൽ പരമാവധി 100 പേരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KEXCON മുഖേന 100 വിമുക്തഭടന്മാരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി വിവിധ ജയിൽ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട് ജില്ലാ ജയിലുകളിലും പുതുതായി ആരംഭിക്കുവാൻ പരിഗണനയിലുള്ള തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും ആലപ്പുഴ സബ് ജയിലിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഹോം ഗാർഡിന്റെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. ജയിൽ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനവും നടത്തി വരുന്നുണ്ട്. |
| (ഡി) | ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതി നനുസരിച്ച് ജയിലുകളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>മുഖ്യമന്ത്രി തലത്തിൽ 04.02.2025 തീയതിയിൽ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ ജയിലുകളിലെ ഓവർ ക്രൗഡിങ് സംബന്ധിച്ചും, അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനനുസരിച്ച്, അറ്റകുറ്റപ്പണി കൾ നടത്തി നിലവിലുള്ള സൗകര്യം വർദ്ധിപ്പിച്ചും ഉപയോഗശൂന്യമായ സെല്ലുകൾ വാസയോഗ്യമാക്കിയും അന്തേവാസികളെ പാർപ്പിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. പുതിയ ബ്ലോക്കുകൾ നിർമ്മിച്ചു പാർപ്പിടശേഷി വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജയിൽ വകുപ്പിന്റെ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ/അറ്റകുറ്റ പ്രവർത്തികൾക്ക് 20.09.2025 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനർനിർമ്മാണം, ആലപ്പുഴയിലെ പഴയ ജില്ലാ ജയിൽ കെട്ടിടത്തിന്റെ നവീകരണം എന്നിവ നടന്നു വരുന്നു. ആലപ്പുഴ ജില്ലാ ജയിലിന്റെ പഴയ കെട്ടിടം പുതിയ സബ് ജയിലായി മാറ്റു ന്നതിനുള്ള പ്രൊപ്പോസലും അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ പഴയ ഫീമെയിൽ ബ്ലോക്കിലേക്ക് മാറ്റുന്നതിനും, തുടർന്ന് അട്ടകുളങ്ങര ജയിൽ പുരുഷ അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ സബ് ജയിലായി പ്രവർത്തിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിശോധനയിലാണ്. ജയിലുകളിലെ ഓവർക്രൗഡിംഗ് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുന്ന വിഷയവും പരിശോധിച്ച് വരുന്നു.<br><br>30.04.2025 ലെ ഉത്തരവ് പ്രകാരം KEXCON മുഖേന ദിവസവേതനാടി സ്ഥാനത്തിൽ പരമാവധി 100 പേരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KEXCON മുഖേന 100 വിമുക്തഭടന്മാരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി വിവിധ ജയിൽ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട് ജില്ലാ ജയിലുകളിലും പുതുതായി ആരംഭിക്കുവാൻ പരിഗണനയിലുള്ള തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും ആലപ്പുഴ സബ് ജയിലിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഹോം ഗാർഡിന്റെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. ജയിൽ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനവും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ